"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/404/2023-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 19-06-2024

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അർബൻ ഹെൽത്ത് & വെൽനസ്സ് സെന്ററിലെ ജീവനക്കാരുടെ വേതനം - എൻ.എച്ച്.എം പരിഷ്കരിച്ച വേതന നിരക്ക് നൽകുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ, തീയതി 31.08.2022
2. എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 19.08.2023ലെ NHM/6253/ADMIN1/2016/SPMSU(I) നമ്പർ ഉത്തരവ്.
3. പരപ്പനങ്ങാടി മുനിസിപ്പൽ ചെയർമാന്റെ 22.11.2023ലെ കത്ത്.
4. എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 19.02.2024ലെ എൻ.എച്ച്.എം/7997/ADMIN1/2023/SPMSU നമ്പർ കത്ത്.
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 09.04.2024 ലെ 332/എസ്.ആർ.ജി./2024 നമ്പർ കത്ത്.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2024ലെ LSGD/PD/16801/2024-DPLD4 നമ്പർ റിപ്പോർട്ട്.

**********************

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2021-22-ൽ അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗരേഖയുടെ ഖണ്ഡിക 2.6-ൽ നഗരഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കേണ്ട 'അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ' എന്ന സ്കീമിന്റെ (സ്കീം 6) മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

എൻ.എച്ച്.എം. ന്റെ 45-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അനുവദിച്ച വേതനപരിഷ്കരണം എൻ.എച്ച്.എം റിക്രൂട്ട് ചെയ്ത് എൻ.എച്ച്.എം -ൽ ജോലിചെയ്തു വരുന്ന ജീവനക്കാർക്ക് സൂചന 2 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. എൻ.എച്ച്.എം. മാനദണ്ഡപ്രകാരം നിയമിച്ച അർബൻ ഹെൽത്ത് ആന്റ് വെൽനസ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതനം നൽകി വരുന്നതും സൂചിത ഉത്തരവ് പ്രകാരം എൻ.എച്ച്.എം. മാനദണ്ഡം പാലിച്ചാണ്. എന്നാൽ പരിഷ്കരിച്ച പുതിയ വേതന നിരക്ക് പ്രകാരം മറ്റു ആരോഗ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന

ജീവനക്കാർക്ക് വേതനം നൽകി വരുന്നുണ്ടെങ്കിലും, വകുപ്പിൽ നിന്നും ഇതുമായി ബന്ധപ്പെട്ട ഉത്തരവോ, മാർഗ്ഗനിർദ്ദേശമോ നഗരസഭകൾക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ, NHM പരിഷ്കരിച്ച വേതന നിരക്ക് അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് നൽകാൻ സാധിക്കുമോ എന്ന കാര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

അർബൻ ഹെൽത്ത് & വെൽനെസ്സ് സെന്ററുകളുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരുടെ വേതനത്തിലുള്ള വർദ്ധനവ് അനിവാര്യമാണെന്നും നിലവിലുള്ള വേതന നിരക്ക് പ്രകാരം ജീവനക്കാരെ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിയമനം നടത്തിയ അർബൻ ഹെൽത്ത് & വെൽനസ്സ് സെന്ററുകളിൽ തന്നെ കുറഞ്ഞ വേതന നിരക്ക് കാരണം ജീവനക്കാർ ജോലിയിൽ പ്രവേശിക്കാതിരിക്കുന്ന പ്രവണത ഉണ്ടെന്നും അവലോകന യോഗങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ സൂചന 6 പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന 1 മാർഗരേഖയുടെ ഖണ്ഡിക 2.6-ൽ പ്രതിപാദിക്കുന്ന സ്കീം 6 പ്രകാരമാണ് നഗരസഭകളിൽ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിന്റെ ഭാഗമായി ആരോഗ്യസ്ഥാപനങ്ങളിൽ നിയോഗിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകരുടെ യോഗ്യത, വേതനം തുടങ്ങിയവ എൻ.എച്ച്.എം. മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണമെന്ന് മേൽ ഉത്തരവിന്റെ ഖണ്ഡിക 3.7 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഡോക്ടർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ നിയമനം നടത്തുന്നതിന് നടപ്പ് വർഷം മുതൽ NHM - നെ തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും വേതന വർദ്ധനവ് മറ്റ് ഹെൽത്ത് ഗ്രാന്റ് പ്രവർത്തനങ്ങളെ ബാധിക്കാത്തതിനാലും, സൂചന 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ സൂചന 2 ഉത്തരവ് പ്രകാരം പരിഷ്കരിച്ച വേതനം ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് നൽകാവുന്നതാണെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്പഷ്ടീകരണം നൽകുന്നു.

MANOJ T

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്
7. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം.
8. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-06-2024 16:52:26

സെക്ഷൻ ഓഫീസർ.